A2/1174/2022

ഗവ. ആർട്സ് & സയൻസ് കോളേജ്
കോഴിക്കോട് -673018
gasckkdprincipal@gmail.com
ഫോൺ : 0495 2320694

തീയതി : 11-05-2026

**<u>പുനർ ക്വൊട്ടേഷൻ പരസ്യം 03/2025-26</u>**

കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഹിന്ദി വകുപ്പിന്റെ അപകടാവസ്ഥയിലായ പഴയ കെട്ടിടം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പൊളിച്ചു മാറ്റുന്നതിനുള്ള ക്വൊട്ടേഷൻ ക്ഷണിക്കുന്നു.

| ക്രമനം | ലേലവസ്തുവിന്റെ വിവരണം | അവസാന തിയതി | നിരതദ്രവ്യം |
|---|---|---|---|
| 1 | ഹിന്ദി വകുപ്പിന്റെ അപകടാവസ്ഥയിലായ പഴയ കെട്ടിടം | 22/05/2026 രാവിലെ 11.00മണി | ക്വൊട്ടേഷൻ തുകയുടെ 25 ( ഇരുപത്തഞ്ചു) ശതമാനം |

ക്വൊട്ടേഷനുകൾ സമർപ്പിക്കുന്ന മുദ്ര വെച്ച കവറിനു പുറത്ത് "കോഴിക്കോട് ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഹിന്ദി വകുപ്പിന്റെ അപകടാവസ്ഥയിലായ പഴയ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള ക്വൊട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിരതദ്രവ്യം പ്രിൻസിപ്പാൾ, ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൻറെ പേരിൽ കോഴിക്കോട് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ക്യാഷ്/ചെക്ക് സ്വീകരിക്കുന്നതല്ല. നിലവിൽ ടി കെട്ടിടങ്ങളുടെ ലേല നടപടിയുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ തുക കെട്ടി വെച്ചിട്ടുണ്ടെങ്കിൽ ടി തുകയുടെ റസീറ്റ് ഉള്ളടക്കം ചെയ്താലും മതിയാകുന്നതാണ്. വൈകി ലഭിക്കുന്ന ക്വൊട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ക്വൊട്ടേഷനുകൾ തപാൽ വഴിയും അയക്കാവുന്നതാണ്. അവസാന സമയത്തിനകം ലഭിക്കുന്ന ക്വൊട്ടേഷനുകൾ 22/05/2026 വൈകുന്നേരം 3.30 മണിക്ക് ക്വൊട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ ചുമതലപ്പെടുത്തപ്പെട്ട പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ക്വൊട്ടേഷൻ ലഭിക്കുന്നവർ നിയമപ്രകാരം ജി.എസ്.ടി ഉൾപ്പെടെ എല്ലാ നികുതികളും അടക്കുവാൻ ബാധ്യസ്ഥരാണ്. യാതൊരു കാരണവും കാണിക്കാതെ ക്വൊട്ടേഷൻ നടപടികൾ നിർത്തിവെക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0495-2320694 എന്ന ഫോൺ നമ്പരിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ.പ്രിയ.പി

പ്രിൻസിപ്പാൾ

എല്ലാ പത്രമാധ്യമങ്ങൾക്കും

പകർപ്പ്
1)വില്ലേജ് ഓഫീസ് , പന്നിയങ്കര

Digitally signed by
PRIYA P
Date: 11-05-2026
18:13:44

2) വില്ലേജ് ഓഫീസ്, ചെറുവണ്ണൂർ

3) കോഴിക്കോട് കോർപറേഷൻ ഓഫീസ്